മുനിസിപ്പാലിറ്റികളുടെ പെർമോഫൻസ് ആഡിറ്റിനായി മുനിസിപ്പൽ ഭരണ വകുപ്പിൽ നിന്നും 21 ജീവനക്കാരുടെ സേവനം വിട്ടുകൊടുത്തിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

റീജിയണൽ ജോയിന്റ് ഡയറക്ടർ	3
സീനിയർ സൂപ്രണ്ട്	3
ജൂനിയർ സൂപ്രണ്ട്	3
ക്ലാർക്കുമാർ	12
	21

ജില്ലാ പഞ്ചായത്തുകളുടേയും കോർപ്പറേഷനുകളുടെയും പെർഫോമൻസ് ആഡിറ്റിനായി അഡ്മിനിസ്ട്രേറ്റീവ് സെക്രട്ടേറിയറ്റിൽ നിന്നും 18 ഉദ്യോഗസ്ഥരുടെ സേവനം വിട്ടുകൊടുത്തിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

അഡീഷണൽ സെക്രട്ടറി/ജോയിന്റ് സെക്രട്ടറി	3
സെക്ഷൻ ആഫീസർ	3
അസിസ്റ്റന്റുമാർ	12
	18

(സി) ബ്ലോക്ക് പഞ്ചായത്തിലെ ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട അടിസ്ഥാന ജോലികൾ പഞ്ചായത്ത് വകുപ്പിൽ നിന്നും താൽക്കാലികമായി നിയമിക്കപ്പെട്ട 152 ജൂനിയർ സൂപ്രണ്ടുമാർ 152 ക്ലാർക്കുമാർ 152 ശിപായിമാർ എന്നിവരാണ് 31-12-2000 വരെ ചെയ്തുവന്നത്. ഗ്രാമ പഞ്ചായത്തിലെ പെർഫോമൻസ് ആഡിറ്റ് ശക്തിപ്പെടുത്തുന്നതിനായി 30/11/2000 ലെ സ.ഉ.നമ്പർ 333/2000 ത.സ്വ ഭ.വ. അനുസരിച്ച് ഇവരെ പിൻവലിക്കുകയും 1-1-2001 മുതൽ ഇവർ നിർവഹിച്ചിരുന്ന ജോലി ഗ്രാമവികസന വകുപ്പിലെ ജീവനക്കാർക്ക് കൈമാറുകയും ചെയ്തു.

(ഡി) ബ്ലോക്ക് പഞ്ചായത്തിന് മാത്രമായി പ്രത്യേക സ്റ്റാഫ് നിലവിലില്ല.

(ഇ) നിലവിലുള്ള ഗ്രാമവികസന വകുപ്പ് ജീവനക്കാരെക്കൊണ്ടുതന്നെ ബ്ലോക്ക് പഞ്ചായത്തിലെ ജോലി നിർവ്വഹിക്കാവുന്നതാണ്.

(എഫ്) തടസ്സങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ഗ്രാമവികസന രംഗത്തുള്ള പദ്ധതികൾ

14 (*74) ശ്രീ. വെങ്ങാനൂർ പി. ഭാസ്ക്കരൻ :
ശ്രീ. ടി. കെ. ബാലൻ :
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :
ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഗ്രാമവികസന പ്രവർത്തന രംഗത്ത് എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ എന്തൊക്കെ പദ്ധതികളാണ് ഈ രംഗത്ത് നടപ്പാക്കിയതെന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്തെ ഗ്രാമവികസനരംഗത്ത് കേന്ദ്രാവിഷ്ക്കൃത പദ്ധതികൾ എന്തെങ്കിലും നടപ്പാക്കി വരുന്നുണ്ടോ ;

(ഡി) എങ്കിൽ എന്തൊക്കെ പദ്ധതികൾ എന്നും അവ എന്നു മുതൽ നടപ്പാക്കി വരുന്നുവെന്നും വ്യക്തമാക്കുമോ ;

(ഇ) കേന്ദ്രാവിഷ്ക്കൃത പദ്ധതികളുടെ നടത്തിപ്പിനായി കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായങ്ങൾ ലഭിച്ചു വരുന്നുണ്ടോ ;

(എഫ്) എങ്കിൽ ഈ സർക്കാർ അധികാരമേറ്റശേഷം കേന്ദ്രാവിഷ്ക്കൃത പദ്ധതികളുടെ നടത്തിപ്പിനായി എന്തു തുക സഹായമായി ലഭിച്ചുവെന്ന് പറയാമോ ;

(ജി) ഈ സർക്കാർ അധികാരമേറ്റശേഷം ഗ്രാമവികസന പ്രവർത്തന രംഗത്ത് എന്തൊക്കെ നേട്ടങ്ങൾ കൈവരിച്ചുവെന്ന് വെളിപ്പെടുത്തുമോ ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) :

(എ) കേന്ദ്ര സർക്കാർ കാലാകാലങ്ങളിൽ രൂപം കൊടുക്കുന്ന കേന്ദ്രാവിഷ്ക്കൃത പരിപാടികളാണ് ഗ്രാമവികസനവകുപ്പ് മുഖേന നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. പുതിയ പരിപാടികളൊന്നും ആവിഷ്ക്കരിച്ച് നടപ്പാക്കിയിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ഉണ്ട്.

(ഡി) 1. സ്വർണ്ണജയന്തി സ്വരോസ്ഗാർ യോജന (1999-2000)
2. ഇന്ദിരാ ആവാസ് യോജന (1989-1990)
3. ജവഹർ ഗ്രാമ സമൃദ്ധി യോജന (1999-2000)
4. തൊഴിലുറപ്പ് പരിപാടി (1993-1994)
5. പുനരാവിഷ്കൃത ഗ്രാമീണ ശുചിത്വ പരിപാടി (1999-2000)
6. ഗ്രാമീണ ഭവന നിർമ്മാണ വായ്പ സബ്സിഡി പരിപാടി (1999-2000)
7. സംയോജിത തരിശുഭൂമി വികസന പരിപാടി (1989-90)
8. പ്രധാനമന്ത്രി ഗ്രാമോദയ യോജന (2000-2001)

(ഇ) ഉണ്ട്.

(എഫ്) 623 കോടി 5 ലക്ഷം രൂപ(അറുന്നൂറ്റിഇരുപത്തിമൂന്നുകോടി അഞ്ചു ലക്ഷം രൂപ) ലഭിച്ചിട്ടുണ്ട്.

(ജി) അനുബന്ധമായി ചേർത്തിട്ടുണ്ട്.†

† അനുബന്ധം III

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം- II

12 (*72) - ാം നമ്പർ ചോദ്യം കാണുക.

കേരളത്തിലെ പ്രധാന നാണ്യ വിളകളുടെ വിലയിടിവുമൂലം ഉണ്ടാവുന്ന വാർഷിക നഷ്ടം

ഇനം	ഉൽപ്പാദനം (മെട്രിക് ടൺ)	1995-മുതലുള്ള ഉയർന്ന മാസവില (ക്വിന്റലിന്)	2000 ഡിസംബറിലെ വില(ക്വിന്റലിന്)	വ്യത്യാസം	നഷ്ടം (കോടി രൂപ)
(1)	(2)	(3)	(4)	(5)	(6)
നാളികേരം	600 (കോടി എണ്ണം)	693/100 എണ്ണത്തിന്	200/100 എണ്ണത്തിന്	493	2958
റബ്ബർ	5,72,820	52/കി. ഗ്രാമിന്	27/കി. ഗ്രാമിന്	25	1432
കുരുമുളക്	64,335	22,367	11,570	10,797	695
അടയ്ക്ക	92,481	12,542	2,551	9,991	924
കാപ്പി	61,150	9,720	3,370	6,350	388
തേയില	68,373	7,747	5,147	2,600	178
ഏലം	5,295	59,300	46,000	13,300	70
			ആകെ		6,645

(ആറായിരത്തി അറുന്നൂറ്റി നാൽപത്തിയഞ്ച് രൂപ)

മേൽ കാണിച്ചിരിക്കുന്ന പ്രധാന നാണ്യവിളകളുടെ വിലവ്യത്യാസം കണക്കാക്കുവാൻ ആധാരമാക്കിയിട്ടുള്ളത് കഴിഞ്ഞ 5 വർഷത്തിനുള്ളിലെ ഉയർന്ന മാസവിലയും 2000 ഡിസംബറിലെ വിലയും ആണ്.

അനുബന്ധം- III

14(*74)-ാം നമ്പർ ചോദ്യം കാണുക.

സംയോജിത ഗ്രാമവികസന പരിപാടി പ്രകാരം1,67,613 ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് സ്വയം തൊഴിൽ കണ്ടെത്താൻ സഹായധനം നൽകി.

ഇന്ദിരാ ആവാസ് യോജനയിലൂടെ 86.916 ഭവനരഹിതരായ കുടുംബങ്ങൾക്ക് വീടുകൾ നിർമ്മിച്ചു നൽകി.

LIBRARY ARCHIVES Kerala Legislative Assembly

ട്രൈസം പരിപാടി പ്രകാരം 11,877 യുവജനങ്ങൾക്ക് തൊഴിലധിഷ്ഠിത പരിശീലനം നൽകി.

ഗ്രാമീണ വനിതാ ശിശുവികസന പരിപാടിയിൽ കീഴിൽ 2852 വനിതാ ഗ്രൂപ്പുകൾ രൂപീകരിച്ച് സ്വയംതൊഴിൽ സംരംഭങ്ങൾ ഏറ്റെടുക്കാൻ പ്രാപ്തരാക്കി.

ജവഹർ റോസ്ഗാർ യോജനപ്രകാരം 19,708 ലക്ഷവും ജവഹർ ഗ്രാമ സമൃദ്ധി യോജന പ്രകാരം 2,39,675 ലക്ഷവും തൊഴിലുറപ്പ് പരിപാടിയിലൂടെ 195 ലക്ഷവും തൊഴിൽ ദിനങ്ങൾ നൽകി.

ഗ്രാമീണ ശുചിത്വ പരിപാടി പ്രകാരം 1,95,871 കക്കൂസുകൾ നിർമ്മിച്ചു.

ദശലക്ഷം കിണർ പദ്ധതിയിലൂടെ 10,314 ജലസേചന കിണറുകൾ കുഴിക്കുവാൻ സഹായം നൽകി.

സ്വർണ്ണജയന്തി ഗ്രാമ സ്വരോസ്ഗാർ യോജനയിലൂടെ 38.745 പേർക്ക് സ്വയം തൊഴിൽ സഹായം നൽകി.

430.44 ലക്ഷം രൂപയുടെ തരിശുഭൂമി വികസന പരിപാടികൾ നടപ്പിലാക്കി. മണ്ണ് സംരക്ഷണം, ജലസംരക്ഷണം, ഊർജ്ജസംരക്ഷണം, വൃക്ഷതൈ നടീൽ തുടങ്ങിയവയാണ് ഏറ്റെടുത്ത പ്രധാനപ്പെട്ട തരിശുഭൂമി വികസന പരിപാടികൾ.

അനുബന്ധം- IV

25 (*85)-ാം നമ്പർ ചോദ്യം കാണുക.

	ഇനം	എണ്ണം
1.	വിത്ത്, വളം, കീടനാശിനി മുതലായവയുടെ ഗുണഭോക്താക്കൾ	35,72,664
2.	ടില്ലർ	4,431
3.	കന്നുകാലികൾ	2,74,572
4.	കോഴിക്കുഞ്ഞുങ്ങൾ	18,67,517
5.	തയ്യൽ മെഷീനുകൾ	53,472
6.	പമ്പ് സെറ്റുകൾ	59,211
7.	വീട്	3,06,288
8.	കക്കൂസ്	4,13,174

LIBRARY ARCHIVES Kerala Legislative Assembly